**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 700** **23-02-2022 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ സഹകരണ ബാങ്കിലെ തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ ,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ . പി . ഉബൈദുള്ള | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കരുവന്നൂർ സഹകരണ ബാങ്കിൽ 226 കോടിയിലധികം രൂപയുടെ തട്ടിപ്പ് നടന്നതായി സഹകരണ വകുപ്പിന്റെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; | (എ) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകളെ തുടർന്ന് സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ട് പ്രകാരം വായ്പ പലിശ ഉൾപ്പെടെ 102.55 കോടി രൂപയുടേയും വ്യാപാര സ്റ്റോക്കിൽ കുറവ് ഇനത്തിൽ 1.69 കോടി രൂപയുടെയും കൂടി ആകെ 104.24 കോടി രൂപയുടെ ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ട്. സർക്കാർ നിയോഗിച്ച ഉന്നതതല കമ്മിറ്റി റിപ്പോർട്ട് പ്രകാരം കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ വായ്പ വിതരണത്തിൽ 208.08 കോടി രൂപയുടെയും പ്രതിമാസ നിക്ഷേപ പദ്ധതികളിൽ 9.42 കോടി രൂപയുടെയും വ്യാപാര പ്രവർത്തനങ്ങളിൽ 1.83 കോടി രൂപയുടെയും ഉൾപ്പെടെ ആകെ 219.33 കോടി രൂപയുടെ ക്രമക്കേടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച വിദഗ്ധ സമിതി റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തെല്ലാമാണ്; | (ബി) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ വായ്പ ഇടപാടുകളിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നതായും, സഹകരണ സംഘം നിയമം, ചട്ടം വിരുദ്ധമായിട്ടാണ് വായ്പ വിതരണം നടന്നതെന്ന് വിദഗ്ധസമിതി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. IMBP അധികരിച്ച് വായ്പ നല്കിയതായും, മതിയായ ഓഹരി അനുപാതം സൂക്ഷിക്കാതെ വായ്പ നൽകിയതായും, സഹകരണ സംഘം രജിസ്ട്രാരുടെ സർക്കുലർ നിർദേശങ്ങൾക്ക് അനുസൃത മല്ലാതെ പ്രതിമാസ നിക്ഷേപ പദ്ധതികൾ നടത്തിയതായും, നീതി മെഡിക്കൽ സ്റ്റോർ, കൺസ്യൂമർ സ്റ്റോർ എന്നീ വ്യാപാര പ്രവർത്തനങ്ങളിലും ക്രമക്കേടു കൾ ഉള്ളതായും വിദഗ്ദസമിതി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. |
| (സി) | നിക്ഷേപത്തുക തിരികെ കൊടുക്കുന്നതിന് | (സി) | ക്രമക്കേടിന് ഉത്തരവാദികളായവരിൽ നിന്നും |

| | | | |
|---|---|---|---|
| | സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ? | | സഹകരണ നിയമം വകുപ്പ് 68 പ്രകാരം സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയും, ബാങ്കിന്റെ കുടിശ്ശികയായ വായ്പകളിൽ നിയമാനുസൃത നടപടികൾ സ്വീകരിച്ച് കുടിശ്ശിക തുക ഈടാക്കിയും, ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി സമർപ്പിച്ചിട്ടുള്ള പുനരുദ്ധാരണ പാക്കേജ് വഴിയും ബാങ്കിന്റെ പ്രവർത്തനത്തെ സാധാരണ നിലയിലേക്ക് കൊണ്ടുവന്ന് തുക നിക്ഷേപകർക്ക് തിരികെ നൽകുന്ന തിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ